**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4666** **19-03-2025 - ൽ മറുപടിയ്ക്ക്**

**കല്ലട ഇറിഗേഷൻ പ്രോജക്ട് കനാൽ അറ്റകുറ്റപ്പണികൾക്ക് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചവറ നിയോജക മണ്ഡലത്തിൽ കൂടി കടന്നുപോകുന്ന കല്ലട ഇറിഗേഷൻ പ്രോജക്ട് കനാൽ വഴി വേനൽ കാലത്ത് ജലം ഒഴുക്കി വിടുന്നതിനായി കനാൽ വൃത്തിയാക്കുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ചവറ, കുന്നത്തൂർ മണ്ഡലങ്ങളിൽ കൂടി കടന്നു പോകുന്ന കെ.ഐ.പി കനാലുകൾ 6 ലക്ഷം രൂപയുടെ പ്രവൃത്തിയിൽ ഉൾപ്പെടുത്തി വൃത്തിയാക്കിയിട്ടുണ്ട്. എന്നാൽ അറ്റകുറ്റപ്പണികൾ നടത്തുവാനുള്ള ഫണ്ട് നിലവിൽ ലഭ്യമല്ല. കാലപ്പഴക്കം മൂലം കനാലുകൾ കേട്ടുപാടുകൾ വന്ന അവസ്ഥയിലാണ്. അറ്റകുറ്റപ്പണികൾ നടത്തിയാൽ മാത്രമേ ജലവിതരണം സുഗമമായി നടത്തുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | വരുന്ന മാസങ്ങളിൽ വരൾച്ച രൂക്ഷമാകുമെന്നതിനാൽ ചവറ ഭാഗത്തെ പ്രസ്തുത കനാലിൽ കൂടി ജലം ഒഴുക്കി വിടുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | ചവറ മണ്ഡലത്തിലെ കനാലുകളിൽ കൂടി വാട്ടർ കലണ്ടർ പ്രകാരമുള്ള ജലവിതരണം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ